**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.33 — 26.02.2018-ൽ മറുപടിയ്ക്ക്

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | **പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |

| | | | |
|---|---|---|---|
| (എ) | സർക്കാർ നയങ്ങൾക്കെതിരെ സമൂഹമാധ്യമങ്ങളിലൂടെ നിരന്തരം രാഷ്ട്രീയ പ്രചരണം നടത്തി സർക്കാരിന് അവമതിപ്പുണ്ടാക്കിയ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനം നോക്കുന്ന ശ്രീ. ശ്രീനാഥ് എന്ന ജീവനക്കാരനെതിരെ സംസ്ഥാന പോലീസ് മേധാവിയുടെ കീഴിലുള്ള ഹൈ-ടെക് ക്രൈം എൻക്വയറി സെൽ വിശദമായ അന്വേഷണം നടത്തി 15-05-2017-ലെ നമ്പർ T9/72411/2017/PHQ കത്തു പ്രകാരം ശിക്ഷണ നടപടി ശുപാർശ ചെയ്തിട്ടും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ സംരക്ഷണയിൽ അദ്ദേഹം ശിക്ഷണ നടപടികളിൽനിന്നും രക്ഷപ്പെട്ട് അതേ ഓഫീസിൽ തന്നെ തുടരുന്നതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിക്ക് 10-08-2017-ൽ മട്ടന്നൂർ എം.എൽ.എ നൽകിയ പരാതിയിന്മേൽ കൈക്കൊണ്ട നടപടി വ്യക്തമാക്കാമോ; | (എ) & (ബി) | പോലീസ് വകുപ്പിൽ നിന്നുള്ള അന്വേഷണ റിപ്പോർട്ടിലെ ശുപാർശ പ്രകാരം ശ്രീ.ശ്രീനാഥിനെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും അപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സെൻഷർ നൽകി ടി അച്ചടക്കനടപടി തീർപ്പാക്കുകയും ചെയ്തിരുന്നു. അതേത്തുടർന്ന് ബഹു. എം.എൽ.എ 10-08-2017-ൽ നൽകിയ പരാതി വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോപണവിധേയനായ ശ്രീ.ശ്രീനാഥിനെ തിരുവനന്തപുരം ജില്ലയ്ക്ക് പുറത്തേയ്ക്ക്, ഉടൻ പ്രാബല്യത്തിൽ മാറ്റി നിയമിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാന പോലീസിന്റെ ഹൈ-ടെക് ക്രൈം എൻക്വയറി സെൽ കുറ്റക്കാരനാണെന്നു കണ്ടെത്തിയ ജീവനക്കാരനെതിരെയും അദ്ദേഹത്തെ സംരക്ഷിക്കുന്ന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയും സ്വീകരിച്ച നടപടി വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

നം. കെ1/125/2017/ആ.കു.വ

ആരോഗ്യ കുടുംബക്ഷേമ (കെ) വകുപ്പ്
തിരുവനന്തപുരം, തിയതി : 21.02.2018

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം - ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജൂനിയർ സൂപ്രണ്ടിനെതിരെയുള്ള അച്ചടക്കനടപടി - സംബന്ധിച്ച്

സൂചന: 1. സംസ്ഥാന പോലീസ് മേധാവിയുടെ 15/05/2017-ലെ റ്റി9/72411/2011/പി.എച്ച്.ക്യു നമ്പർ കത്ത്

2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 01/11/2017-ലെ ഇ 1/31698/2016/ഡി.എം.ഇ നമ്പർ കത്ത്

മേൽ സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടേറ്റിൽ ജൂനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്ന ശ്രീ. ശ്രീനാഥ് ജി.വി സാമൂഹ്യ മാധ്യമങ്ങളിലൂടെ സർക്കാരിനേയും വ്യക്തികളെയും അപകീർത്തിപ്പെടുത്തുംവിധം ഫേയ്സ് ബുക്ക് പോസ്റ്റിട്ടത് സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ അനുവദിച്ച് നൽകാൻ പാടില്ലാത്ത കുറ്റമാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിരുന്നു. ഇതേത്തുടർന്ന് 1960-ലെ കേരളാ സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) റൂൾസ് പ്രകാരം ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന് താങ്കൾക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും ടിയാന് സെൻഷർ നൽകി അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അച്ചടക്കനടപടി തീർപ്പാക്കിയ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി പുന:പരിശോധിക്കേണ്ടതാണെന്നും കാണുന്നതിനാൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടേറ്റിൽ ജൂനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്ന ശ്രീ. ശ്രീനാഥ് ജി.വി -യെ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലേയ്ക്കും അവിടെ നിന്നും ജൂനിയർ സൂപ്രണ്ടായ ശ്രീ ശ്രീരാജ്. ആർ-നെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടേറ്റിലേയ്ക്കും ഉടൻ പ്രാബല്യത്തിൽ മാറ്റി നിയമിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
കെ.ബി.ബാഹുലേയൻ
അഡീഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ